"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

മത്സ്യബന്ധന തുറമുഖ വകുപ്പ്-ജീവനക്കാര്യം-ഫിഷറീസ് വകുപ്പിലെ ഫിഷറീസ് അഡീഷണൽ ഡയറക്ടർ, ഫിഷറീസ് ജോയിന്റ് ഡയറക്ടർ, ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ, ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർ എന്നീ തസ്തികകളിൽ സ്ഥാനക്കയറ്റവും, സ്ഥലംമാറ്റവും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ(എ)വകുപ്പ്**

സ.ഉ.(സാധാ) നം.650/2024/F&P തീയതി,തിരുവനന്തപുരം, 27-09-2024

---

പരാമർശം:-
1. 13/08/2024-ലെ സ.ഉ(പി)12/2024/മതുവ നം.വിജ്ഞാപനം
2. ഫിഷറീസ് ഡയറക്ടറുടെ 24/08/2024--ലെ DFTVM/4114/2023-A2 നമ്പർ കത്ത്.

**ഉത്തരവ്**

ഫിഷറീസ് വകുപ്പിലെ ഫിഷറീസ് അഡീഷണൽ ഡയറക്ടർ, ഫിഷറീസ് ജോയിന്റ് ഡയറക്ടർ, ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ, ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർ എന്നീ തസ്തികകളിൽ ചുവടെ ചേർത്തിരിക്കും പ്രകാരം സ്ഥാനക്കയറ്റവും, സ്ഥലംമാറ്റവും അനുവദിച്ച് ഉത്തരവാകുന്നു.

**I. ഫിഷറീസ് അഡീഷണൽ ഡയറക്ടർ** (Scale of pay 112800-163400)

**1.** ഫിഷറീസ് അഡീഷണൽ ഡയറക്ടർ തസ്തികയിലെ സ്ഥാനക്കയറ്റത്തിനുള്ള നിലവിലെ സെലക്ട് ലിസ്റ്റിലെ ഒന്നാം സ്ഥാനക്കാരനും നിലവിൽ അഡാക്ക് മാനേജിംഗ് ഡയറക്ടർ തസ്തികയിൽ അന്യത്ര സേവനമനുഷ്ഠിക്കുന്നതുമായ ശ്രീ. ഇഗ്നേഷ്യസ് മൺറോ. ബി, (PEN 717119), ഫിഷറീസ് ജോയിന്റ് ഡയറക്ടറിനെ ഫിഷറീസ് അഡീഷണൽ ഡയറക്ടർ ആയി സ്ഥാനക്കയറ്റം നൽകി നിലവിൽ ഒഴിവുള്ള ഫിഷറീസ് ഡയറക്ടറേറ്റിലെ ഫിഷറീസ് അഡീഷണൽ ഡയറക്ടർ തസ്തികയിൽ നിയമിച്ച് ടിയാനെ അഡാക്ക് മാനേജിംഗ് ഡയറക്ടർ തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ തുടരാൻ അനുവദിക്കുന്നു.

**2.** ഫിഷറീസ് അഡീഷണൽ ഡയറക്ടർ തസ്തികയിലെ സ്ഥാനക്കയറ്റത്തിനുള്ള നിലവിലെ സെലക്ട് ലിസ്റ്റിലെ രണ്ടാം സ്ഥാനക്കാരിയും നിലവിൽ ഫിഷറീസ് ജോയിന്റ് ഡയറക്ടർ (ദക്ഷിണമേഖല) ആയ ശ്രീമതി. സ്മിത ആർ നായർ (PEN 646536) ഫിഷറീസ് ജോയിന്റ് ഡയറക്ടറിനെ ഫിഷറീസ് അഡീഷണൽ ഡയറക്ടർ ആയി സ്ഥാനക്കയറ്റം നൽകി ശ്രീ. ഇഗ്നേഷ്യസ് മൺറോ. ബി.യെ അന്യത്ര സേവന വ്യവസ്ഥയിൽ നിയമിച്ച ഒഴിവിൽ ഫിഷറീസ് ഡയറക്ടറേറ്റിലെ ഫിഷറീസ് അഡീഷണൽ ഡയറക്ടർ തസ്തികയിൽ നിയമിക്കുന്നു.

**II. ഫിഷറീസ് ജോയിന്റ് ഡയറക്ടർ** (Scale of pay 95600-153200)

1. ഫിഷറീസ് ജോയിന്റ് ഡയറക്ടർ (ട്രെയിനിംഗ്) കൊടുങ്ങല്ലൂർ ലെ ഫിഷറീസ് ജോയിന്റ്

ഡയറക്ടർ ആയ ശ്രീമതി. രേണുകാ ദേവി.ഒ. (PEN 584117) യെ നിലവിൽ ഒഴിവുള്ള കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് ജോയിന്റ് കമ്മീഷണർ തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ സ്ഥലം മാറ്റി നിയമിക്കുന്നു.

2 . കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് ജോയിന്റ് കമ്മീഷണർ തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ സേവനമനുഷ്ഠിച്ചിരുന്ന ഫിഷറീസ് ജോയിന്റ് ഡയറക്ടർ ശ്രീ. സതീഷ് കുമാർ.എ.പി (PEN- 583982)-യെ അന്യത്രസേവന കാലാവധി അവസാനിച്ചതിനെ തുടർന്ന് മാതൃവകുപ്പിൽ തിരികെ പ്രവേശിപ്പിച്ച് ശ്രീമതി. സ്മിത.ആർ.നായർ, ഫിഷറീസ് ജോയിന്റ് ഡയറക്ടറിന് സ്ഥാനക്കയറ്റം നൽകുന്ന ഒഴിവിൽ ഫിഷറീസ് ജോയിന്റ് ഡയറക്ടർ (ദക്ഷിണ മേഖല) തസ്തികയിൽ നിയമിക്കുന്നു.

3. ഫിഷറീസ് ജോയിന്റ് ഡയറക്ടർ തസ്തികയിലെ സ്ഥാനക്കയറ്റത്തിനുള്ള നിലവിലെ സെലക്ട് ലിസ്റ്റിലെ ഏക അംഗവും തൃശ്ശൂർ ഫീഷറീസ് ഡെപ്യൂട്ടി ഡയറക്ടറുമായ ശ്രീമതി. സുഗന്ധകുമാരി.കെ.വി-ക്ക് (PEN 584121) ഫിഷറീസ് ജോയിന്റ് ഡയറക്ടർ ആയി സ്ഥാനക്കയറ്റം നൽകി ഫിഷറീസ് ജോയിന്റ് ഡയറക്ടർ ആയ ശ്രീമതി. രേണുകാദേവി. ഒ.യെ സ്ഥലം മാറ്റുന്ന ഒഴിവിൽ ഫിഷറീസ് ജോയിന്റ് ഡയറക്ടർ (ട്രെയിനിംഗ്) കുടുങ്ങല്ലൂർ ആയി സ്ഥലംമാറ്റി നിയമിക്കുന്നു.

**<u>III. ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ (Scale of pay 63700-123700)</u>**

1. മലമ്പുഴ (പാലക്കാട്) ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ ആയ ശ്രീ അബ്ദുൾ മജീദ് പോത്തന്നൂരാൻ -നെ (PEN 584078) ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ ശ്രീമതി. സുഗന്ധകുമാരി. കെ.വി.-ക്ക് സ്ഥാനക്കയറ്റം നൽകുന്ന ഒഴിവിൽ തൃശ്ശൂർ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിൽ സ്ഥലം മാറ്റുന്നു.

2. അഡാക്ക് സെൻട്രൽ സോൺ റീജിയണൽ എക്സിക്യൂട്ടീവ് തസ്തികയിൽ അന്യത്ര സേവനത്തിലുള്ള ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ ശ്രീമതി. അനിത കെ.ടി. (PEN 777201) -യെ മാതൃ വകുപ്പിൽ തിരികെ പ്രവേശിപ്പിച്ച്, ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ ശ്രീ. അബ്ദുൾ മജീദ് പോത്തന്നൂരാൻ-നെ സ്ഥലം മാറ്റുന്ന ഒഴിവിൽ മലമ്പുഴ (പാലക്കാട്) ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിൽ സ്ഥലം മാറ്റി നിയമിക്കുന്നു.

3. കണ്ണൂർ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ ആയ ശ്രീമതി ഷൈനി സി. കെ. -യെ (PEN 396662) അഡാക്ക്-ൽ നിലവിലുള്ള ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറുടെ ഒഴിവിൽ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ & ഫാം മാനേജർ പൊയ്യ തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ സ്ഥലം മാറ്റി നിയമിക്കുന്നു. ടിയാൾക്ക് അഡാക്ക് സെൻട്രൽ സോൺ റീജിയണൽ എക്സിക്യൂട്ടീവ് തസ്തികയുടെ പൂർണ്ണ അധിക ചുമതല കൂടി നൽകുന്നു.

4. ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിലെ സ്ഥാനക്കയറ്റത്തിനുള്ള നിലവിലെ ഒന്നാം സ്ഥാനക്കാരിയും കണ്ണൂർ ഫിഷറീസ് സ്റ്റേഷനിലെ അസിസ്റ്റന്റ് ഡയറക്ടറുമായ ശ്രീമതി. ജുഗ്നു ആർ. -ന് (PEN 698359) ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ ആയി സ്ഥാനക്കയറ്റം നൽകി ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ ശ്രീമതി. ഷൈനി സി.കെ. -യെ സ്ഥലം മാറ്റുന്ന ഒഴിവിൽ കണ്ണൂർ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിൽ നിയമിക്കുന്നു.

5. ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിലെ സ്ഥാനക്കയറ്റത്തിനുള്ള നിലവിലെ സെലക്ട് ലിസ്റ്റിലെ രണ്ടാം സ്ഥാനക്കാരനും വയനാട് ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടറുമായ ശ്രീ. ആഷിഖ്

ബാബു സി. (PEN 584083) -ക്ക് ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ ആയി സ്ഥാനക്കയറ്റം നൽകി, പൊന്നാനി (മലപ്പുറം) ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിൽ നിലവിലുള്ള ഒഴിവിൽ നിയമിക്കുന്നു.

## IV ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർ (Scale of pay 56500-118100)

1. കാസർഗോഡ് ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിലെ ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടറായ ശ്രീമതി പ്രീത പി.വി. -യെ (PEN 584202), ടിയാൾ സമർപ്പിച്ച സ്ഥലമാറ്റ അപേക്ഷ പരിഗണിച്ച്, ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർ ശ്രീമതി ജുഗ്നു ആർ.-ന് സ്ഥാനക്കയറ്റം നൽകുന്നത് മൂലമുണ്ടാകുന്ന ഒഴിവിൽ, കണ്ണൂർ ഫിഷറീസ് സ്റ്റേഷനിലെ ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിൽ സ്ഥലം മാറ്റി നിയമിക്കുന്നു.

2. മലമ്പുഴ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിലെ അസിസ്റ്റന്റ് ഡയറക്ടറായ ശ്രീമതി ചന്ദ്രലേഖ ടി. (PEN 584018)-യെ നിലവിൽ ഒഴിവുള്ള നീണ്ടകര ഫിഷറീസ് സ്റ്റേഷനിലെ ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിൽ സ്ഥലം മാറ്റി നിയമിക്കുന്നു.

3. ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിലെ സ്ഥാനക്കയറ്റത്തിനുള്ള നിലവിലെ സെലക്ട് ലിസ്റ്റിലെ ഒന്നാം സ്ഥാനക്കാരിയും വർക്കല മത്സ്യഭവനിലെ ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസറുമായ ശ്രീമതി. കൃഷ്ണകുമാരി എ.-യെ (PEN 332995) ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർ ആയി സ്ഥാനക്കയറ്റം നൽകി, ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർ ശ്രീമതി. പ്രീത പി.വി.-യെ സ്ഥലം മാറ്റുന്ന ഒഴിവിൽ കാസർഗോഡ് ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിലെ ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിൽ നിയമിക്കുന്നു.

4. ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിലെ സ്ഥാനക്കയറ്റത്തിനുള്ള നിലവിലെ സെലക്ട് ലിസ്റ്റിലെ രണ്ടാം സ്ഥാനക്കാരിയും തിരുവനന്തപുരം മത്സ്യഭവനിലെ ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസറുമായ ശ്രീമതി. രാജി കെ.എസ് (PEN 332988)--ന് ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർ ആയി സ്ഥാനക്കയറ്റം നൽകി ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർ ശ്രീമതി ചന്ദ്രലേഖ ടി. -യെ സ്ഥലം മാറ്റുന്ന ഒഴിവിൽ, മലമ്പുഴ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിലെ ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിൽ നിയമിക്കുന്നു.

5. ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിലെ സ്ഥാനക്കയറ്റത്തിനുള്ള നിലവിലെ സെലക്ട് ലിസ്റ്റിലെ മൂന്നാം സ്ഥാനക്കാരിയും നിലവിൽ സ്റ്റേറ്റ് ഫിഷ് സീഡ് സെന്റർ തേവള്ളി ഓഫീസിലെ ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ തസ്തികയിൽ അന്യത്ര സേവനത്തിലുള്ള ശ്രീമതി ബിന്ദു കെ. ഒ. -യെ (PEN 583903) മാതൃ വകുപ്പിൽ തിരികെ പ്രവേശിപ്പിച്ച് ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർ ആയി സ്ഥാനക്കയറ്റം നൽകി, ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർ ശ്രീ. ആഷിഖ് ബാബു സി. -ക്ക് സ്ഥാനക്കയറ്റം നൽകുന്നത് മൂലമുണ്ടാകുന്ന ഒഴിവിൽ വയനാട് ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിൽ നിയമിക്കുന്നു.

6. ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിലെ സ്ഥാനക്കയറ്റത്തിനുള്ള നിലവിലെ സെലക്ട് ലിസ്റ്റിലെ നാലാം സ്ഥാനക്കാരിയും നിലവിൽ കൊല്ലം ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിലെ ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസറുമായ ശ്രീമതി തസ്നീമ ബീഗം ഐ. (PEN 583904) -ക്ക് ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർ ആയി സ്ഥാനക്കയറ്റം നൽകി, നിലവിൽ ഒഴിവുള്ള കാസർഗോഡ് ഫിഷറീസ് സ്റ്റേഷനിലെ ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിൽ നിയമിക്കുന്നു..

7. ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിലെ സ്ഥാനക്കയറ്റത്തിനുള്ള നിലവിലെ സെലക്ട് ലിസ്റ്റിലെ അഞ്ചാം സ്ഥാനക്കാരിയും നിലവിൽ കൊല്ലം FFDA യിലെ ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ തസ്തികയിൽ അന്യത്ര സേവനത്തിലുള്ള ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ ശ്രീമതി. ഫാത്തിമ എസ്. ഹമീദ് -നെ ((PEN 699525) മാതൃ വകുപ്പിൽ തിരികെ പ്രവേശിപ്പിച്ച് ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർ ആയി സ്ഥാനക്കയറ്റം നൽകി, നിലവിൽ ഒഴിവുള്ള മലമ്പുഴ ദേശീയ മത്സ്യ വിത്തുൽപാദന കേന്ദ്രത്തിൽ (NFSF) ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിൽ നിയമിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
K J SALINI
ജോയിന്റ് സെക്രട്ടറി

ഫിഷറീസ് ഡയറക്ടർ,തിരുവനന്തപുരം
ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് (ഫിഷറീസ് ഡയറക്ടർ മുഖേന)
ബന്ധപ്പെട്ട ഓഫീസുകൾക്ക് (ഫിഷറീസ് ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
ഡെപ്യൂട്ടി ഡയറക്ടർ, ഇൻഫർമേഷൻ പബ്ലിക് റിലേഷൻ വകുപ്പ് (ഗവൺമെൻറ് വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യുന്നതിനായി).
കരുതൽ ശേഖരം ,ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം
Signed by
R. Narendra Varma
Date: 27-09-2024 16:41:21
സെക്ഷൻ ഓഫീസർ

പകർപ്പ്:-ബഹു.ഫിഷറീസ് വകുപ്പ് മന്ത്രിയുടെ പി.എസ് ന്